**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1925** **11-10-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ നൂറുദിന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ നൂറുദിന പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ? | (എ) | ഈ സർക്കാരിന്റെ നൂറുദിന പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ കൊടുക്കുന്നു: ലൈഫ് മിഷൻ പദ്ധതി പ്രകാരം 96 ഭവനങ്ങൾ പൂർത്തീകരിച്ചു. അങ്കണവാടികളുടെ വൈദ്യുതീകരണം പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന നെന്മാറ അഡീഷണൽ പ്രൊജക്ടിലെ വണ്ടാഴി പഞ്ചായത്തിലെ അങ്കണവാടി സെന്റർ നമ്പർ 27, മേലാർകോടി പഞ്ചായത്തിലെ അങ്കണവാടി സെന്റർ നമ്പർ 75, കുഴൽമന്ദം പ്രൊജക്ടിലെ കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി സെന്റർ നമ്പർ 21, 22 എന്നീ അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. സഹകരണ മേഖലയിൽ 62 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. താഴെപ്പറയുന്ന സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. കണക്ട ടു വർക്ക് പ്രവർത്തിയുമായി ബന്ധപ്പെട്ട്, അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ജോലിക്ക് പ്രാപ്തരാക്കുന്ന രീതിയിലുള്ള പരിശീലനം നൽകുന്നതിനുള്ള കേന്ദ്രം ആരംഭിക്കു ന്നതിനായി 2,10,000 രൂപ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സി.ഡി.എസിന് അനുവദിക്കുകയും കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുള്ളതുമാണ്. കൂടാതെ ആദ്യ ബാച്ച് പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തേങ്കുറിശ്ശി പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. കുടുംബശ്രീ മിഷൻ വഴി റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജക മണ്ഡലത്തിൽ രണ്ട് സി.ഡി.എസുകൾക്കായി വൾണറബിലിറ്റി റിഡക്ഷൻ ഫണ്ടിനത്തിൽ (വി.ആർ.എഫ്.) 50,000/- രൂപ അനുവദിച്ചു. ജെ.എൽ.ജി.കൾക്ക് ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിനത്തിൽ (സി.എം.എഫ്.) ആലത്തൂർ, |

| | | | |
|---|---|---|---|
| | | | കിഴക്കഞ്ചേരി, തേങ്കുറിശ്ശി, വാഴി എന്നീ നാല് ഗ്രാമപഞ്ചായത്തുകളിലെ സംഘങ്ങൾക്കായി 1,00,000/- രൂപ അനുവദിച്ചു. കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ടിനത്തിൽ (സി.ഇ.എഫ്.) കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് സി.ഡി.എസിന് 5,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. സ്വയം തൊഴിൽ വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തി 3 പുരുഷന്മാർക്കും 2 സ്ത്രീകൾക്കും വായ്പയായി ആകെ 11,20,000/-രൂപ നൽകിയിട്ടുണ്ട്. കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ മരുളൂർ ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ